**തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം**

**(ഹാജർ : Geromic George IAS )**

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - ഭരണജാഗ്രത - ഇടുക്കി ജില്ല - ഏലപ്പാറ ഗ്രാമപഞ്ചായത്ത് - കെട്ടിട നിർമ്മാണ പെർമിറ്റ് പുതുക്കി നൽകുന്നില്ല എന്നുള്ള പരാതി - മുൻ സെക്രട്ടറി ശ്രീ. എം. ഹാരിസ് ഖാനെതിരായ അച്ചടക്കനടപടി - ശിക്ഷ നൽകി അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുന്നു.

പരാമർശം:

1) ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ 01-07-2022 തീയതിയിൽ പഞ്ചായത്ത് ഡയറക്ടർക്ക് നൽകിയ ബി2/10547/21 നമ്പർ കത്ത്.
2) പഞ്ചായത്ത് അഡീഷണൽ ഡയറക്ടറുടെ 19-12-2022 ലെ PAN/14796/2022 D8(DP) നമ്പർ അന്വേഷണ റിപ്പോർട്ട്.
3) പഞ്ചായത്ത് ഡയറക്ടർ നൽകിയ 28-12-2022 ലെ PAN/14796/2022 D8(DP) കുറ്റാരോപണ മെമ്മോ കുറ്റാരോപണ പത്രിക.
4) ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 06-032023 ലെ ബി1-11541/2022-ഐ.ഡി.കെ നമ്പർ കത്ത്.
5) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 26-07-2024 ലെ LSGD/PD/32282/2023-VIGB3 നമ്പർ ഉത്തരവ്.
6) തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ഡെപ്യൂട്ടി ഡയറക്ടറുടെ 13-03-2025 ലെ LSGD/JD/IDK/616/2023-A3 നമ്പർ ഔപചാരിക അന്വേഷണ റിപ്പോർട്ട്
7) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിലെ ഡെപ്യൂട്ടി ഡയറക്ടർ (വിജിലൻസ്) മുൻപാകെ 28-05-2025 തീയതിയിൽ നടന്ന ഹിയറിംഗ്.
8) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 04-07-2025 ലെ LSGD/PD/32282/2023-VIGB3 നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
9) തദ്ദേശസ്വയംഭരണ വകുപ്പ് മലപ്പുറം ജില്ലാ ജോയിന്റ് ഡയറക്ടറുടെ 27-09-2025 ലെ LSGD/JD/MPM/8671/2024-A1 നമ്പർ കത്ത്.

**ഉത്തരവ് നമ്പർ. LSGD/PD/32282/2023-VIGB3 തീയതി: 01-02-2026**

ഇടുക്കി ജില്ലയിൽ ഏലപ്പാറ ഗ്രാമപഞ്ചായത്തിൽ കെട്ടിട നിർമ്മാണ പെർമ്മിറ്റ് പുതുക്കി നൽകുന്നതിനും 2 കെട്ടിടങ്ങൾക്ക് നമ്പർ നൽകുന്നതിനും ശ്രീ. ബാബുരാജ് പി. ആന്റണി എന്നയാളിന്റെ അപേക്ഷയിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കാത്തത് സംബന്ധിച്ച പരാതിയിൽ ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം (1) പ്രകാരം പഞ്ചായത്ത് ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ആയതിൽ ശ്രീ.

ബാബുരാജ് പി. ആന്റണിയുടെ അപേക്ഷകളിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിൽ ഏലപ്പാറ ഗ്രാമപഞ്ചായത്ത് സെക്ഷൻ ക്ലർക്ക്, ഹെഡ് ക്ലർക്ക്, സെക്രട്ടറി എന്നിവരുടെ ഭാഗത്ത് നിന്ന് ഗുരുതരമായ കൃത്യനിർവ്വഹണ വീഴ്ച സംഭവിച്ചതായി കാണുന്നുവെന്ന് റിപ്പോർട്ട് ചെയ്തിരുന്നു.

മേൽ വിഷയത്തിൽ പഞ്ചായത്ത് അഡീഷണൽ ഡയറക്ടറുടെ നേതൃത്വത്തിൽ 08.12.2022 ന് ഏലപ്പാറ ഗ്രാമപഞ്ചായത്ത് ആഫീസിൽ നേരിട്ട് പരിശോധന നടത്തി പരാമർശം (2) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. റിപ്പോർട്ടിൽ സെക്രട്ടറി ശ്രീ. ഹാരിസ് ഖാൻ എം., ഹെഡ് ക്ലർക്ക് ശ്രീ. എം. രാജേന്ദ്രൻ പിള്ള, ക്ലർക്ക് ശ്രീ. ആരിഫ് ഖാൻ എന്നിവരുടെ ഭാഗത്ത് നിന്നും ഗുരുതരമായ വീഴ്ച സംഭവിച്ചിട്ടുള്ളതായും ടി ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കാവുന്നതാണെന്നും ശിപാർശ ചെയ്തിരുന്നു. തുടർന്ന് ഏലപ്പാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആയിരുന്ന ശ്രീ. ഹാരിസ് ഖാൻ എം. ന്റെ ഭാഗത്ത് നിന്നും ക്രമക്കേട്, ചട്ടലംഘനം, കൃത്യവിലോപം എന്നീ കുറ്റങ്ങൾ സംഭവിച്ചിട്ടുള്ളതായി കണ്ടുകൊണ്ട് 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും പരാമർശം (3) പ്രകാരം നൽകി അച്ചടക്കനടപടികൾ ആരംഭിക്കുകയുണ്ടായി. പ്രസ്തുത കുറ്റാരോപണപത്രികയിൽ ചുവടെ ചേർക്കുന്ന ആരോപണങ്ങൾ ഉൾക്കൊള്ളിച്ചിരുന്നു.

*1. കെട്ടിട നിർമ്മാണത്തിനും നമ്പറിംഗിനും ലഭിക്കുന്ന അപേക്ഷകൾക്ക് ക്രമപ്രകാരം സമയബന്ധിതമായി നടപടി സ്വകരിക്കുന്നില്ല.*
*2. പെർമിറ്റ് രജിസ്റ്റർ പൂർണ്ണമല്ല. 28.02.2022 വരെയുള്ള അപേക്ഷകൾ മാത്രമേ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുള്ളു.*
*3. മുൻഗണന ലംഘിച്ച് യഥേഷ്ടം പെർമിറ്റ്/നമ്പർ നല്കിയിരിക്കുന്നു. പെർമിറ്റ് നല്കാത്തതിന് കാരണം രേഖപ്പെടുത്തിയിട്ടില്ല.*
*4. ശ്രീ. ബാബുരാജ് പി. ആന്റണിയുടെ 02.12.2021 ലെ അപേക്ഷയ്ക്ക് അനാവശ്യ കാരണങ്ങൾ പറഞ്ഞ് യഥാസമയം നടപടി സ്വീകരിക്കാൻ തയ്യാറായിട്ടില്ല.*
*5. ശ്രീ. ബാബുരാജ് പി. ആന്റണിയുടെ കെട്ടിട നമ്പർ ലഭിക്കുന്നതിനുള്ള അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതിന് ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 14.06.2022 ലെ വാക്കാലും 25.08.2022 ലെ രേഖാമൂലവുമുള്ള നിർദ്ദേശങ്ങൾ പാലിക്കാൻ തയ്യാറാകാതെ ഗുരുതരമായ വീഴ്ചയാണ് വരുത്തിയിട്ടുള്ളത്.*
*6. അസൽ ഫയൽ കണ്ടെത്താൻ കഴിയാത്തതിനാൽ പരാതിക്കാരന് പഞ്ചായത്ത് നല്കയിട്ടുള്ള പകർപ്പ് പരിശോധിച്ച് നടപടി സ്വീകരിക്കേണ്ടതായിരുന്നു. പകരം ബാലിശമായ കാരണങ്ങൾ ഉന്നയിച്ച് അപേക്ഷകനെ ബുദ്ധിമുട്ടിച്ചത് മനഃപൂർവമാണെന്ന് കാണുന്നു. താങ്കളെ കൈക്കൂലി വാങ്ങിയതിന് വിജിലൻസ് അറസ്റ്റ് ചെയ്ത വിവരം പുറത്ത് വന്നിട്ടുണ്ട്.*

കുറ്റാരോപണപത്രികയ്ക്ക് ശ്രീ. ഹാരിസ് ഖാൻ എം. സമർപ്പിച്ച പ്രതിവാദപത്രിക പരാമർശം (4) പ്രകാരം ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ലഭ്യമാക്കിയിരുന്നു. ആയതിൽ കുറ്റാരോപണ പത്രികയിലെ ആരോപണങ്ങൾ ടിയാൻ നിഷേധിച്ചിരുന്നു. ടി വിഷയത്തിൽ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15(2) പ്രകാരം ഔപചാരിക അന്വേഷണം ആവശ്യമാണെന്ന് കണ്ടുകൊണ്ട് അപ്രകാരം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. ജോസഫ് സെബാസ്റ്റ്യനെ ചുമതലപ്പെടുത്തി പരാമർശം (5) പ്രകാരം ഉത്തരവായിരുന്നു. ആയതിൽ അന്വേഷണം നടത്തി പരാമർശം (6) പ്രകാരം ഔപചാരിക അന്വേഷണ റിപ്പോർട്ട് ലഭ്യമായിരുന്നു.

ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ കെട്ടിട നിർമ്മാണ അനുമതി/നമ്പറിംഗ് അപേക്ഷകൾ ക്രമപ്രകാരമല്ല നൽകിയതെന്നും മുൻഗണനാക്രമം തെറ്റിച്ചിട്ടുണ്ടെന്നും എന്നാൽ ആയതിന് കാരണമായി ടിയാൻ പറഞ്ഞിട്ടുള്ള മാനുഷിക പരിഗണന എന്ന വാദം പരിഗണിക്കാൻ സാധിക്കുകയില്ല എന്ന് കാണുന്നതായും ആയതിനാൽ അപേക്ഷകൾ ക്രമപ്രകാരമല്ലാതെ നൽകിയതും, മുൻഗണനാക്രമം തെറ്റിച്ചതും, ആയത് ശ്രദ്ധയിൽപെട്ടിട്ടും പരിശോധിക്കാതെയിരുന്നതും ടിയാന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയായി കണ്ട് ഉചിതമായ ശിക്ഷ നൽകാവുന്നതാണ് എന്ന് ശിപാർശ ചെയ്തിരുന്നു. കൂടാതെ ടി സെക്ഷന്റെ ചുമതലകൾ കൃത്യമായി നിർവ്വഹിക്കുന്നതിനാവശ്യമായ സഹായങ്ങളും സാഹചര്യങ്ങളും ഒരുക്കുന്നതിന് പകരം ക്രമപ്രകാരമല്ലാതെ പെർമിറ്റ്/നമ്പറിംഗ് എന്നിവ നൽകിയതിനെ നിസാരവൽക്കരിക്കും വിധം ന്യായീകരിക്കുകയുമാണ് ടിയാൻ ചെയ്തിട്ടുള്ളതെന്നും ശ്രീ. ബാബുരാജ് പി. ആന്റണിയുടെ അപേക്ഷ പരിഗണിച്ച് തീർപ്പാക്കുന്നത് സംബന്ധിച്ച് കൃത്യമായ നിർദ്ദേശം നൽകുന്നതിനോ നടപടികൾ സ്വീകരിക്കുന്നതിനോ സാധിച്ചിട്ടില്ല എന്നും ആയതിനാൽ ഇക്കാര്യത്തിൽ ശ്രീ. ഹാരിസ് ഖാൻ എം. ന്റെ ഭാഗത്ത് വീഴ്ച്ച വന്നിട്ടുള്ളതായി കാണുന്നതിനാൽ ഉചിതമായ ശിക്ഷ നല്കാവുന്നതാണെന്നും ശിപാർശ ചെയ്തിരുന്നു.

അച്ചടക്കനടപടിയിൽ തുടർനടപടിയുടെ ഭാഗമായി പരാമർശം (7) പ്രകാരം ശ്രീ. ഹാരിസ് ഖാൻ എം. നെ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിലെ ഡെപ്യൂട്ടി ഡയറക്ടർ (വിജിലൻസ്) മുൻപാകെ നേരിൽ കേട്ടിരുന്നു. നേർകാഴ്ച വേളയിൽ, ഏലപ്പാറ ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായി ചാർജ് എടുക്കുമ്പോൾ നിരവധി പെൻഡിംഗ് ഫയലുകൾ ഉണ്ടായിരുന്നതായും ആയത് തീർപ്പാക്കുന്നതിന് കമ്മിറ്റിയിൽ അജണ്ട വെച്ച് ചർച്ച ചെയ്യുകയും ആയത് അടിയന്തരമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതായും, കൂടാതെ സർക്കാർ നിർദേശ പ്രകാരവും ഫയലുകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതും നിരവധി ഫയലുകൾ തീർപ്പാക്കിയിട്ടുള്ളതായും, ശ്രീ. ബാബുരാജിൻറെ അപേക്ഷ 2 വർഷം മുന്നേ സമർപ്പിച്ചിരുന്നതും ആയതിൽ ആവശ്യമായ രേഖകൾ ഹാജരാകുന്നതിന് ആവശ്യപ്പെട്ടിരുന്നതിൽ ഹാജരാക്കുകയോ ടിയാൻ ഓഫീസിൽ നേരിട്ട് ഹാജരാകുകയോ ചെയ്തിട്ടില്ലായെന്നും എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും നമ്പർ നൽകുന്നതിന് ഒബ്ജക്ഷൻ ഉള്ള റിപ്പോർട്ട് ലഭ്യമായിരുന്നതായും നമ്പർ അനുവദിക്കുന്നതിൽ വ്യക്തത ആവശ്യമായതിനാൽ ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് ക്ലാരിഫിക്കേഷൻ ആവശ്യപ്പെട്ടിരുന്നതിൽ ആയത് ലഭ്യമായിരുന്നില്ലയെന്നും, തുടർന്ന് പഞ്ചായത്ത് അഡീഷണൽ ഡയറക്ടറുടെ നേതൃത്വത്തിൽ സ്ഥലപരിശോധന നടത്തിയിരുന്നതിനെ തുടർന്ന് ലഭിച്ചിരുന്ന നിർദേശ പ്രകാരം തുടർ നടപടികൾ സ്വീകരിച്ച് വരവേ 13-12-2022 ൽ വർക്കുമായി ബന്ധപ്പെട്ട വിജിലൻസ് ട്രാപ്പ് കേസിൽ താൻ സസ്പെൻഷനിൽ പോയിട്ടുള്ളതാണെന്നും ശ്രീ. ബാബുരാജിന്റെ കെട്ടിട നമ്പർ അനുവദിക്കുന്നതിൽ മനഃപൂർവ്വമായ വീഴ്ച വരുത്തിയിട്ടില്ല എന്നും ആയതിനാൽ അച്ചടക്ക നടപടിയിൽ നിന്നും ഒഴിവാക്കി നൽകണമെന്നും അപേക്ഷിച്ചിരുന്നു.

തുടർന്ന് മേൽ വിഷയത്തിൽ ശ്രീ. ഹാരിസ് ഖാൻ എം. നെതിരായ കുറ്റപത്രത്തിലെ ആരോപണങ്ങൾ നിലനിൽക്കുന്നതായി കണ്ടുകൊണ്ട് ടിയാന്റെ ഒരു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫലത്തോടെ അല്ലാതെ ഒരു വർഷത്തേക്ക് തടയുന്നതിന് താൽക്കാലികമായി തീരുമാനിച്ചുകൊണ്ട് പരാമർശം (8) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. ആയതിന് ടിയാൻ സമർപ്പിച്ച മറുപടി പരാമർശം (9) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് മലപ്പുറം ജില്ലാ ജോയിന്റ് ഡയറക്ടർ ലഭ്യമാക്കിയിരുന്നു. മറുപടിയിൽ, എതിർവാദപത്രികയും, നേർകാഴ്ച വേളയിൽ നൽകിയ മൊഴിയും തന്നെ ആവർത്തിച്ചിരുന്നു. കൂടാതെ താൻ ഇപ്പോൾ കാൻസർ രോഗത്തിന് ചികിത്സയിൽ (ലീവിൽ) ആണെന്നും, മാനുഷിക പരിഗണന നൽകി ശിക്ഷണ നടപടികളിൽ നിന്നും ഒഴിവാക്കി നൽകണമെന്നും അപേക്ഷിച്ചിരുന്നു.

മേൽ വസ്തുതകളും അന്വേഷണ റിപ്പോർട്ടുകളും, എതിർവാദവും നേർകാഴ്ച വേളയിൽ നൽകിയ മൊഴിയും വിശദീകരണവും, കാണിക്കൽ നോട്ടീസിന് നൽകിയ മറുപടിയും പരിശോധിച്ചതിൽ കെട്ടിട നിർമ്മാണ അനുമതി/നമ്പറിംഗ് അപേക്ഷകൾ ക്രമപ്രകാരമല്ല നൽകിയതെന്നും മുൻഗണനാക്രമം തെറ്റിച്ചിട്ടുണ്ടെന്നും ആയതു യഥാവിധി പരിഹരിക്കുന്നതിന് സൂപ്പർവൈസറി ഉദ്യോഗസ്ഥനും ഓഫീസ് മേലധികാരി എന്ന നിലയിലും ശ്രീ. ഹാരിസ് ഖാൻ എം. യാതൊരു വിധ നടപടിയും സ്വീകരിച്ചിരുന്നില്ല എന്നും കാണുന്നു. ശ്രീ. ബാബുരാജ് പി. ആന്റണിയുടെ അപേക്ഷ പരിഗണിച്ച് തീർപ്പാക്കുന്നത് സംബന്ധിച്ച് കൃത്യമായ നിർദ്ദേശം നൽകുന്നതിനോ നടപടികൾ സ്വീകരിക്കുന്നതിനോ ടിയാന് സാധിച്ചിട്ടില്ല എന്നും ടിയാനെതിരായ കുറ്റപത്രത്തിലെ ആരോപണങ്ങൾ നിലനിൽക്കുന്നതായും ശിക്ഷ അർഹിക്കുന്നതായും ബോധ്യപ്പെടുന്നു. മേൽ സാഹചര്യത്തിൽ ഏലപ്പാറ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ഹാരിസ് ഖാൻ എം. നെതിരായ അച്ചടക്കനടപടിയിൽ കാരണം കാണിക്കൽ നോട്ടീസിൽ നിശ്ചയിച്ചിരുന്ന **ഒരു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫലത്തോടെ അല്ലാതെ ഒരു വർഷത്തേക്ക് തടയുന്നതിനുള്ള** താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി മേൽ വിഷയത്തിലെ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുന്നു.

Geromic George IAS
PRINCIPAL DIRECTOR

ശ്രീ. എം. ഹാരിസ് ഖാൻ
മുൻ സെക്രട്ടറി, ഏലപ്പാറ ഗ്രാമപഞ്ചായത്ത്
നിലവിൽ അസ്സി. സെക്രട്ടറി, എടക്കര ഗ്രാമപഞ്ചായത്ത്
(തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ, മലപ്പുറം മുഖേന)

പകർപ്പ് :
1. തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ മലപ്പുറം (i. ഉത്തരവ് ശ്രീ. എം. ഹാരിസ് ഖാൻ- ന് നൽകി കൈപ്പറ്റ് പകർപ്പ് സമയബന്ധിതമായി തിരികെ സമർപ്പിക്കേണ്ടതാണ്. ii. ഉത്തരവ് നടപ്പിലാക്കി നടപടി വിവരം ടിയാന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി ആയതിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്.)
2. തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ, ഇടുക്കി
3. സൂപ്രണ്ട്, DEA സെക്ഷൻ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്
4. സൂപ്രണ്ട്, DED സെക്ഷൻ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, വിവരാവകാശ നിയമം പ്രകാരം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.
5. കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by
Geromic George
Date: 01-02-2026 10:57:36